പതിനഞ്ചാം കേരളനിയമസഭ
പതിനാറാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
20-01-2026

ഗവർണ്ണറുടെ പ്രസംഗം

നയപ്രഖ്യാപന പ്രസംഗത്തിലെ തിരുത്തലുകൾ സംബന്ധിച്ച്

2026 ജനുവരി 20-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭയെ അഭിസംബോധന ചെയ്ത് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ 12, 15, 16 ഖണ്ഡികകളിൽ ചില കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തിയിട്ടുണ്ടെന്നും ഭരണഘടനയുടെ അന്തഃസത്തയ്ക്കും സഭയുടെ കീഴ്വഴക്കങ്ങൾക്കും അനുസൃതമായി മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗമാണ് നിലനിൽക്കുന്നതെന്നും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിൽനിന്നും നിരവധി തവണ റൂളിംഗുകളുണ്ടായിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത തിരുത്തലുകൾ വരുത്താതെ മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗം ആധികാരിക നയപ്രഖ്യാപന പ്രസംഗമായി അംഗീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെടുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിങ് നൽകി.[+]

"നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് ഗവർണ്ണർ സർക്കാരിനുവേണ്ടി മന്ത്രിസഭ അംഗീകരിച്ച പ്രസംഗമാണ് നടത്തുന്നത്. അതിൽനിന്ന് വിട്ടുപോകുന്നതോ വ്യതിചലിക്കുന്നതോ ആയിട്ടുള്ള പരാമർശങ്ങൾ ഔദ്യോഗികമായി അംഗീകരിക്കുന്നതല്ല സഭയുടെ കീഴ്വഴക്കം. മുൻ കാലങ്ങളിൽ സമാന സന്ദർഭങ്ങളിൽ സഭാധ്യക്ഷന്മാർ ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടുള്ളതാണ്. മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച പരാമർശങ്ങളുടെ കാര്യത്തിലും മുൻ തീരുമാനം തന്നെയാണ് നിലനിൽക്കുന്നത്."

+